ആശ്രിത നിയമനം ഊർജ്ജിതമാക്കാൻ നടപടി

17 (4344) ശ്രീ. അൻവർ സാദത്ത് :

ശ്രീ. കെ. മുരളീധരൻ :

ശ്രീ. ടി. എൻ. പ്രതാപൻ :

ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആശ്രിത നിയമനം ഊർജ്ജിതമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഇതിനായി കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിഗണിക്കുമോ ;

(സി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ-സി) ആശ്രിത നിയമനം ഊർജ്ജിതപ്പെടുത്തുന്നതിനായി 24-5-1999-ലെ ജി.ഒ.(പി) 12/99/പി. ആന്റ് എ.ആർ.ഡി. ഉത്തരവിൽ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ ആശ്രിത നിയമനത്തിനായി അപേക്ഷകർ വർഷങ്ങളോളം കാത്തിരിക്കേണ്ടി വന്നിരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടപ്പോൾ ആശ്രിത നിയമനം ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി 6-7-2012-ലെ ജി.ഒ. (എംഎസ്.) നമ്പർ 174/12/ജി.എ.ഡി. ഉത്തരവ് പ്രകാരം 549 തസ്തികകളും 2-9-2013-ലെ ജി.ഒ. (എംഎസ്.) നമ്പർ 249/13/ജി.എ.ഡി. ഉത്തരവ് പ്രകാരം 356 തസ്തികകളും ഉൾപ്പെടെ 905 തസ്തികകൾ സൂപ്പർന്യൂമററിയായി സൃഷ്ടിച്ച് നിയമനം നൽകുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ 2-6-2014-ലെ ജി.ഒ.(എംഎസ്.) നമ്പർ 131/2014/ ജി.എ.ഡി. പ്രകാരം നിയമ വകുപ്പിൽ ലീഗൽ അസിസ്റ്റന്റുമാരുടെ 3 സൂപ്പർന്യൂമററി തസ്തികകളും 6-11-2014-ലെ ജി.ഒ.(എംഎസ്.) നമ്പർ 307/2014/ ജി.എ.ഡി. ഉത്തരവ് പ്രകാരം പൊതുഭരണ വകുപ്പിൽ അസിസ്റ്റന്റിന്റെ ഒരു സൂപ്പർന്യൂമററി തസ്തികയും സൃഷ്ടിച്ച് നൽകിയിട്ടുണ്ട്. ആശ്രിത നിയമനത്തിനായുള്ള വരുമാന പരിധി 6 ലക്ഷം രൂപയാക്കി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly